Deepika E KM 3/11/21

വൺഡ

മുംബൈ: ട്വന്റി 20 ലേ
ത്സരത്തിൽ രോഹി
നിന്നു മാറ്റിയതിൽ
മർശിച്ച് സുനിൽ ഗ
ജയവർധനെ എന്ന
ൾ രംഗത്തെത്തി.
നെ വൺഡൗൺ
രേയാണു വിമർശന
ന്യൂസിലൻഡിന്
ർ യാദവിനു പകര
റാക്കിയ ഇന്ത്യ, രേ
ക്യാപ്റ്റൻ വിരാട്
ന്നാൽ നീക്കങ്ങളെ
റ്റ് ഇന്ത്യ പുറത്താ
യുടെ ടീം സെലക
ളിച്ചകൾ തുറന്നുക

വി
ട്രെ
സി
രേ
ഖ്യ
ലുടെ നടത്തിയത്
ളിക്കുന്ന താരം ടീ
ടെനിന്നു മാറ്റിയ
ആ താരത്തിനു
ടെ മികവിനെക്കു

എ
ഒ
മ
ന
വ
ല്ലേ? രോഹിത് ശ
ക്കറ്റ് താരത്തെ
സെഞ്ചുറികൾ
ൽ കളിപ്പിച്ചത്

മാറ്റങ്ങളാകാം

കളിക്കാരുടെ
യില്ലാത്തതാണ
മാറ്റങ്ങളാകാം,
ബാറ്റർമാരെ വ
ന്റി 20 ക്രിക്കറ്റി
ന്യൂസിലൻഡി
ൺഡൗണായ
ടു പൊരുത്ത
ഹോ, മികച്ച ത
നമ്പറിൽ വര

കൂട്ടായ തീ

സൂര്യകുമാർ
ടെ സ്വാഭാവി
ടീമിലെത്തി.
കച്ച റിക്കാർ
ഹം. രോഹിത്

അയ്യമ്പുഴയിൽ കാട്ടാന കൃഷി നശിപ്പിച്ചു

അയ്യമ്പുഴ: അയ്യമ്പുഴ പഞ്ചായത്തിലെ ഏഴാം വാർഡിൽ ഈരാളി പാപ്പുവിന്റെ രണ്ടര എക്കർ സ്ഥലത്തെ കൃഷി കാട്ടാന നശിപ്പിച്ചു. 25 തെങ്ങ്, എൺപതോളം വാഴ, ഇരുപതോളം കവുങ്ങ് തുടങ്ങിയവയാണ് ആന നശിപ്പിച്ചത്. ഇവിടെ സ്ഥിരമായി ആനയുടെ ശല്യമുണ്ട്. നാട്ടുകാരും ഫോറസ്റ്റ് ഉദ്യോഗസ്ഥരും ആനയെ പേടിപ്പിച്ച് ഓടിച്ചാലും വീണ്ടും വരുന്ന സ്ഥിതിയാണ്.

കഴിഞ്ഞ ദിവസം ഈ ഭാഗത്ത് മുളക്കൂട്ടം ആന നശിപ്പിച്ചിരുന്നു. മൂന്ന് ലക്ഷത്തിലധികം രൂപ മുടക്കി ഫെൻസിംഗ് തീർത്ത കൃഷിയിടമാണിത്.

ഫെൻസിംഗും കാട്ടാന നശിപ്പിച്ചിട്ടുണ്ട്. കാട്ടാന കൃഷിയിടങ്ങളിലേക്കും ജനവാസ കേന്ദ്രത്തിലേക്കും വരുന്നത് പ്രദേശവാസികളെ ആശങ്കയിലാക്കിയിട്ടുണ്ട്.

കാരക്കാട് ഫോറസ്റ്റ് ഡെപ്യൂട്ടി റെയ്ഞ്ചർ ഓഫീസർ പി.കെ. സൈനുദ്ദീൻ സ്ഥലം സന്ദർശിച്ചു.

ശ്രീമൂലനഗര ഇടിഞ്ഞ് താഴ്

ശ്രീമൂലനഗരം: ശ്രീമൂലനഗരം പഞ്ചായത്തിലെ പതിനാലാം വാർഡിൽ പരപ്പള്ളി ജോയിയുടെ കിണർ ഇടിഞ്ഞ് താഴ്ന്നു. ഇന്നലെ പുലർച്ചെ അഞ്ചിന് ശബ്ദം കേട്ടുണർന്ന വീട്ടുകാരാണ് കിണറിടി

അധ്യാപക ഒഴിവ്

അങ്കമാലി: നായത്തോട് മഹാകവി ജി. മെമ്മോറിയൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ എൽ പി വിഭാഗത്തിൽ ഒരു ഒഴിവുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ അഭിമുഖം വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് രണ്ടിന് സ്കൂൾ ഓഫീസിൽ നടത്തുന്നതാണെന്ന് ഹെഡ്മിസ്ട്രസ് അറിയിച്ചു.

പച്ചക്കറിതൈ വിതരണം

നന്ത്യാട്ടുകുന്നം: ഗാന്ധി സ്മാരക സഹകരണ ബാങ്കിന് കീഴിലെ സ്വാശ്രയ ഗ്രൂപ്പംഗങ്ങൾക്കുള്ള ശീതകാല പച്ചക്കറി തൈ വിതരണം പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിംന സന്തോഷ്, വൈസ് പ്രസിഡന്റ് കെ.എസ്. സനീഷ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.

തമ്മനം-പുല്ലേപ്പടി റോഡ് വികസനത്തിൽ ഉത്തരവിട്ട് ഹൈക്കോടതി

ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം ഒരു മാസത്തിനുള്ളിൽ

കൊച്ചി: തമ്മനം-പുല്ലേപ്പടി റോഡിന്റെ വികസനത്തിനു സ്ഥലമേറ്റെടുത്തു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ ഒരു മാസത്തിനുള്ളിൽ സർക്കാർ നടപടിയെടുക്കണമെന്ന് ഹൈക്കോടതി നിർദേശിച്ചു. സമയബന്ധിതമായി റോഡ് നിർമാണം പൂർത്തിയാക്കാൻ ജില്ലാ കളക്ടർ സ്കീം തയാറാക്കണമെന്നും കോടതി അറിയിച്ചു. കൊച്ചി നഗരത്തിലെ തമ്മനം - പുല്ലേപ്പടി റോഡിന്റെ വീതി കൂട്ടുന്ന നടപടികൾ ഒരു വർഷത്തിനകം പൂർത്തിയാക്കണമെന്ന ഹൈക്കോടതി ഉത്തരവു പാലിച്ചില്ലെന്നാരോപിച്ച് കടവന്ത്ര സ്വദേശി ഡോ. എസ്. പ്രിയരഞ്ജിനി നൽകിയ കോടതിയലക്ഷ്യ ഹർജിയിലാണ് ജസ്റ്റീസ് ഷാജി പി. ചാലിയുടെ തീരുമാനം.

ഓരോ ഘട്ടത്തിലും പൂർത്തിയാക്കുന്ന പണികളുടെ വിവരം, വേണ്ടിവരുന്ന സമയം തുടങ്ങിയവ വ്യക്തമാക്കി ജില്ലാ കളക്ടർ സത്യവാങ്മൂലം നൽകാനും ബെഞ്ച് നിർദേശിച്ചിട്ടുണ്ട്. നേരത്തെ ഹൈക്കോടതി നൽകിയ ഉത്തരവനുസരിച്ച് റോഡിന്റെ വീതി കൂട്ടുന്നതിനുള്ള നടപടി വ്യക്തമാക്കി ജില്ലാ കളക്ടർ സത്യവാങ്മൂലം നൽകിയിരുന്നു. റോഡിന്റെ വികസനത്തിനായി കൊച്ചി നഗരസഭ പൊതുമരാമത്ത് വകുപ്പിനു കൈമാറിയ ഭൂമിയുടെ വിവരങ്ങളുള്ള ഒക്ടോബർ ഒന്നിലെ കരട് നോട്ടിഫിക്കേഷനും മറ്റു വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഭൂമി ഏറ്റെടുത്ത് സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുമെന്നും തുടർന്ന് കളക്ടറും മറ്റ് അധികൃതരും ചേർന്ന് നിർമാണ ഘട്ടങ്ങളും ഷെഡ്യൂളും തീരുമാനിക്കുമെന്നും സർക്കാർ വിശദീകരിച്ചു. തുടർന്ന് കോടതിയലക്ഷ്യ ഹർജി ഒരു മാസം കഴിഞ്ഞു പരിഗണിക്കാൻ മാറ്റി.

തൃശൂർ ജില്ലാ നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ ജേതാക്കളായ കൊരട്ടി നൈപുണ്യ കോളജ് ടീം പ്രിൻസിപ്പലും എക്സിക്യൂട്ടീവ് ഡയക്ടറുമായ റവ. ഡോ. കെ.ജെ. പോളച്ചനൊപ്പം.

കേരളപ്പിറവി ദിനാഘോഷം

പറവൂർ: പറവൂത്തറ ആശാൻ സ്മാരക വായനശാലയുടെ നേതൃത്വത്തിൽ നടന്ന കേരളപ്പിറവി ദിനാഘോഷങ്ങൾ കാഥികൻ സൂരജ് സത്യൻ ഉദ്ഘാടനം ചെയ്തു. താലൂക്ക് ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവംഗം ബെന്നി ജോസഫ് മുഖ്യ പ്രഭാഷണം നടത്തി.

നെറ്റ്ബോൾ: നൈപുണ്യ കോളജ് ജേതാക്കൾ

കൊരട്ടി: തൃശൂർ ജില്ലാ നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ കൊരട്ടി നൈപുണ്യ കോളജ് ജേതാക്കളായി. രണ്ടാം സ്ഥാനം ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിനാണ്.

വനിതാ വിഭാഗത്തിൽ കൊടകര സഹൃദയ കോളജ് ഒന്നാം സ്ഥാനവും ഡോൺ ബോസ്കോ മണ്ണുത്തി രണ്ടാം സ്ഥാനവും നേടി. നൈപുണ്യ കോളജിൽ നടന്ന ചാമ്പ്യൻഷിപ്പിന്റെ സമ്മാനദാനം പ്രിൻസിപ്പലും എക്സിക്യൂട്ടീവ് ഡയക്ടറുമായ റവ. ഡോ. കെ.ജെ. പോളച്ചൻ നിർവഹിച്ചു.

കോളജ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. റെൻസൺ ജോസഫ്, കാമ്പസ് മിനിസ്റ്റർ ഫാ. ജോസ് കരാച്ചിറ, തൃശൂർ ജില്ലാ നെറ്റ്ബോൾ അസോസിയേഷൻ സെക്രട്ടറി എൽ.ആർ. വിനു, ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ ബേബി, കായിക വിഭാഗം തലവൻ പി.എ. ശ്രീജിത്ത്, സംസ്ഥാന നെറ്റ്ബോൾ ടീം സെലക്ടർ പി.പി. ജോസ്മോൻ, നൈപുണ്യ കോളജ് പരിശീലകരായ ഡിസിൽ ഡേവിസ്, നിഖിൽ അശോക്, ജിതിൻ മാത്യു, അലൻ മാത്യു ടോം, ജിബിൻ ജോസ് എന്നിവർ പങ്കെടുത്തു.

ഇന്ദിരാഗാന്ധി ആശുപത്രിയിൽ ഗ്യാസ്ട്രോ എന്ററോളജി ബ്ലോക്ക്

കൊച്ചി: കടവന്ത്ര ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഗ്യാസ്ട്രോ എന്ററോളജി ബ്ലോക്കിന്റെ ഉദ്ഘാടനം ആറിന് രാവിലെ 11 ന് മന്ത്രി വീണ ജോർജ് നിർവഹിക്കും. എന്ററോസ്കോപ്പി സ്യൂട്ടും 17 പുതിയ മുറികളും ചേർന്നതാണ് അഡ്വാൻസ്ഡ് ഗ്യാസ്ട്രോ എന്ററോളജി ബ്ലോക്ക്.

ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി സംഘം പ്രസിഡന്റ് എം. കെ. ജോണിന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ ഹൈബി ഈഡൻ എംപി, എംഎൽഎമാരായ പി.ടി. തോമസ്, ടി.ജെ. വിനോദ്, കെ.എൻ. ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുക്കുമെന്ന് സംഘം സെക്രട്ടറി അജയ് തറയിൽ അറിയിച്ചു.

പറവൂരിൽ റോഡ് നവീകരണം ഉടൻ തുടങ്ങും